REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-05-2024 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- മൂന്നാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം അവസാനിച്ചു. 93 മണ്ഡലങ്ങളിൽ നാളെ വോട്ടെടുപ്പ്.
- സംസ്ഥാനത്ത് ചൂട് തുടരുന്നു. വയനാട്, ഇടുക്കി ഒഴികെ ജില്ലകളിൽ നാളെ വരെ, താപനില 4 ഡിഗ്രി വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- മാസപ്പടി കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് വിധി പറഞ്ഞേക്കും.
- കൊയിലാണ്ടിയിൽ പുറംകടലിൽ കണ്ടെത്തിയ ഇറാനിയൻ ബോട്ട് തീരസംരക്ഷണ സേന കസ്റ്റഡിയിൽ എടുത്തു.
- കണ്ണൂർ ആറളം ഫാമിലെ കാട്ടാനകളെ തുരത്തുന്നതിനു അടുത്തഘട്ടം ഇന്ന് ആരംഭിക്കും.
- IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനും ചെന്നൈ സൂപ്പർ കിംഗ്സിനും ജയം.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പിൽ മൂന്നാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. പത്ത് സംസ്ഥാനങ്ങളിലും ദാദ്ര നഗർ ഹവേലി, ദാമൻ ഡ്യൂവിലുമായി 93 മണ്ഡലങ്ങളിലും നാളെയാണ് വോട്ടെടുപ്പ്.

ഗോവയിലെയും ഗുജറാത്തിലെയും മുഴുവൻ സീറ്റുകളിലും കർണാടകയിൽ 14, മഹാരാഷ്ട്രയിൽ 11, ഉത്തർപ്രദേശിൽ 10, മധ്യപ്രദേശിൽ എട്ട്, ഛത്തീസ്ഗഡിൽ ഏഴ്, സീറ്റുകളിലുമാണ് നാളെ തെരഞ്ഞെടുപ്പ്.

✪✪✪

അഞ്ചാംഘട്ട തെരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് അവസാനിക്കും. ബിഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ഒഡീഷ, ഉത്തർ പ്രദേശ്, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ, ലഡാക് എന്നിവിടങ്ങളിലെ 49 മണ്ഡലങ്ങളാണ് അഞ്ചാം ഘട്ടത്തിൽ വിധിയെഴുതുന്നത്. ഈ മാസം 20 നാണ് അഞ്ചാംഘട്ട വോട്ടെടുപ്പ്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും.

ഏഴ് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 57 ലോക്സഭാ സീറ്റുകളിലേക്കാണ് അവസാന ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഉത്തർപ്രദേശിലും പഞ്ചാബിലും പതിമൂന്ന് വീതം, പശ്ചിമ ബംഗാളിൽ ഒമ്പത്, ബീഹാറിൽ എട്ട്, ഒഡീഷയിൽ ആറ്, ഹിമാചൽ പ്രദേശിൽ നാല്, ജാർഖണ്ഡിൽ മൂന്ന് സീറ്റുകളും കേന്ദ്രഭരണ പ്രദേശമായ ചണ്ഡീഗഡിലെ ഒരു സീറ്റും ഈ ഘട്ടത്തിൽ വിധി എഴുതും.

ഈ മാസം 14 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. വോട്ടെടുപ്പ് ജൂൺ ഒന്നിന് നടക്കും.

18-ാ മത് ലോക്സഭയിലേക്ക് വോട്ടെടുപ്പ് ഇതോടെ പൂർത്തിയാകും. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി പാർട്ടി സ്ഥാനാർത്ഥിയുടെ പ്രചാരണത്തിന്റെ ഭാഗമായി അയോധ്യയിൽ റോഡ് ഷോ നടത്തി. സുഗ്രീവ് കില ഏരിയയിൽ നിന്ന് റോഡ് ഷോ ആരംഭിക്കുന്നതിന് മുമ്പ് അദ്ദേഹം രാംലല്ലയിൽ ദർശനവും പൂജയും നടത്തി. ജനുവരി 22-നു പ്രതിഷ്ഠാ ചടങ്ങിനു ശേഷം ആദ്യമായാണ് മോദി രാംലല്ല സന്ദർശിക്കുന്നത്. നേരത്തെ ഉത്തർപ്രദേശിലെ ഇറ്റാവയിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യവെ നരേന്ദ്രമോദി കോൺഗ്രസിനെയും സമാജ്-വാദി പാർട്ടിയെയും രൂക്ഷമായി വിമർശിച്ചു. കൊവിഡ് കാലത്തെ തന്റെ ഗവൺമെന്റും ശാസ്ത്രജ്ഞൻമാരും ഓരോ ജീവനും രക്ഷിക്കാൻ കഠിനാദ്ധ്വാനം ചെയ്യുമ്പോൾ ഈ പാർട്ടികൾ കള്ളം പ്രചരിപ്പിക്കുകയായിരുന്നവെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

മൂന്നാമതും നരേന്ദ്രമോദിയെ പ്രധാനമന്ത്രിയാക്കിയാൽ രാജ്യം ഏറ്റവും വലിയ ലോകത്തെ മൂന്നാമത്തെ സമ്പദ് വ്യവസ്ഥയായി മാറുമെന്ന് മുതിർന്ന BJP നേതാവും ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ പറഞ്ഞു. തെലങ്കാനയിലെ

നിസാമാബാദിൽ തെരഞ്ഞെടുപ്പ് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്താൻ NDA ശ്രമിക്കുകയാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി. ആദിവാസികൾക്കും ദളിതുകൾക്കും BJP നേതാക്കൾ അവരുടെ അവകാശങ്ങൾ നിഷേധിക്കുകയാണെന്ന് തെലങ്കാനയിലെ നിർമലിൽ അദ്ദേഹം തെരഞ്ഞെടുപ്പ് യോഗത്തിൽ പറഞ്ഞു. കോൺഗ്രസ് അധികാരത്തിലെത്തിയാൽ പാവപ്പെട്ട സ്ത്രീകൾക്ക് വർഷം ഒരു ലക്ഷം രൂപ നൽകുമെന്നും യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുമെന്നും രാഹുൽ പറഞ്ഞു.

✪✪✪

ഇലക്ട്രൽ രജിസ്ട്രേഷൻ നിർബന്ധമോ വോട്ടിങ് നിർബന്ധമോ അല്ലാത്തതിനാൽ ഇന്ത്യൻ തെരഞ്ഞെടുപ്പ് ഇടം സവിശേഷമാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അഭിപ്രായപ്പെട്ടു.

അന്താരാഷ്ട്ര തെരഞ്ഞെടുപ്പു സന്ദർശക പരിപാടിയുടെ ഭാഗമായി 23 രാജ്യങ്ങളെ പ്രതിനിധാനം ചെയ്ത് എത്തിയ 75 പ്രതനിധികളെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ തെരഞ്ഞെടുപ്പ് ഇടത്തിന്റെ സംഭാവനയും ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയ പ്രവർത്തനങ്ങളും ലോകമെമ്പാടും ജനാധിപത്യ ഇടങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യ ഉത്സവങ്ങളുടെ രാജ്യമാണെന്നും ജനാധിപത്യത്തിന്റെ ഉത്സവം നേരിട്ട് അനുഭവിക്കാൻ പ്രതിനിധികളെ ക്ഷണിച്ചതായും അദ്ദേഹം അറിയിച്ചു.

പരിപാടിയുടെ ഭാഗമായി, കസാക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ, നേപ്പാൾ എന്നിവിടങ്ങളിലെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർമാരുമായും അവരുടെ പ്രതിനിധികളുമായും കമ്മീഷൻ ഉഭയകക്ഷി ആശയവിനിമയം നടത്തി.

✪✪✪

സംസ്ഥാനത്ത് ചൂട് തുടരുന്നു. പാലക്കാട് ജില്ലയിൽ ഇന്നലെയും 39 ഡിഗ്രി സെൽഷ്യസ് ചൂട് രേഖപ്പെടുത്തി.

ഡസ്ക്ക് റിപ്പോർട്ട്

വോയ്സ്

വയനാട്, ഇടുക്കി ഒഴികെ ജില്ലകളിൽ നാളെ വരെ, 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത നൽകി. കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ വൈകിട്ട് 03.30 വരെ 0.5 മുതൽ 1.5 മീറ്റർ വരെ അതിതീവ്ര തിരമാലകൾ കാരണം ശക്തിയേറിയ കടലാക്രമണ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും

തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

അതേസമയം, ഇന്ന് ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കാസർക്കോട് ഒഴികെ 10 ജില്ലകളിൽ മഴ പെയ്തേക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെയും മറ്റന്നാളും എല്ലാ ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ട്.

✪✪✪

മാസപ്പടി കേസിൽ മുഖ്യമന്ത്രിക്കും മകൾക്കുമെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് മാത്യു കുഴൽ നാടൻ നൽകിയ ഹർജിയിൽ വിധി ഇന്ന് ഉണ്ടായേക്കും. തിരുവനന്തപുരം വിജിലൻസ് കോടതിയാണ് വിധി പറയുന്നത്.

കോടതി നേരിട്ട് അന്വേഷണം നടത്തണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം. CMRL എന്ന സ്വകാര്യ സ്ഥാപനത്തിന് ധാതുമണൽ ഖനനത്തിന് വഴിവിട്ട സഹായം നൽകിയതിന് പ്രതിഫലമായി മുഖ്യമന്ത്രിയുടെ മകൾക്ക് മാസപ്പടി നൽകിയെന്നാണ് ഹർജിയിലെ ആരോപണം.

✪✪✪

കോഴിക്കോട് കൊയിലാണ്ടിയിൽ പുറംകടലിൽ കണ്ടെത്തിയ ഇറാനിയൻ ബോട്ട് തീരസംരക്ഷണ സേന ഇന്നലെ വൈകീട്ട് കസ്റ്റഡിയിൽ എടുത്തു. 40 നോട്ടിക്കൽ മൈൽ അകലെയാണ് ബോട്ട് കണ്ടെത്തിയത്. കന്യാകുമാരി സ്വദേശികളായ ആറ് മത്സ്യത്തൊഴിലാളികളാണ് ബോട്ടിലുള്ളതെന്ന് കോസ്റ്റ്ഗാർഡ് കേന്ദ്രങ്ങൾ അറിയിച്ചു.

ഇറാനിൽ മത്സ്യബന്ധനത്തിന് പോയ സംഘത്തിൽപ്പെട്ട ഇവർ ശമ്പളം കിട്ടാഞ്ഞതിനെ തുടർന്ന് രക്ഷപ്പെട്ടെത്തിയതാണെന്നാണ് പറയുന്നത്. തീര സംരക്ഷണസേനയുടെ നേതൃത്വത്തിൽ കൊച്ചി തീരത്തേക്ക് കൊണ്ടുപോയി.

ഈ വർഷത്തെ നീറ്റ് പരീക്ഷ ഇന്നലെ സുഗമമായും സമാധാനപരമായും നടന്നതായി ദേശീയ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. രാജസ്ഥാനിലെ സവായ് മധോപൂരിലെ ഒരു പരീക്ഷാ കേന്ദ്രത്തിൽ മാത്രം തെറ്റായ ചോദ്യപേപ്പർ വിതരണം ചെയ്തതായും ഇൻവിജിലേറ്റർ തെറ്റ് തിരുത്തുമ്പോഴേക്കും ചില വിദ്യാർത്ഥികൾ പരീക്ഷാഹാൾ വിട്ടു പോയതായും എൻ.ടി.എ വ്യക്തമാക്കി. എന്നാൽ ഈ സംഭവം മറ്റ് കേന്ദ്രങ്ങളിലെ പരീക്ഷാ സമഗ്രതയെ ബാധിച്ചിട്ടില്ലെന്നും പരീക്ഷയിൽ തടസ്സം നേരിട്ട 120 വിദ്യാർത്ഥികൾക്ക് ഇന്നലെ തന്നെ പരീക്ഷ നടത്തിയതായും അവർ അറിയിച്ചു.

രാജ്യത്തെ 557 നഗരങ്ങളിലും ഇന്ത്യയ്ക്ക് പുറത്തെ 14 നഗരങ്ങളിലുമായി നടന്ന നീറ്റ് പരീക്ഷയ്ക്ക് 24 ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തിരുന്നത്.

ICSE 10, 12 ക്ലാസ്സ് പരീക്ഷാഫലം ഇന്ന് പ്രസിദ്ധീകരിക്കും. cisce.org, results.cisce.org വെബ്സൈറ്റുകളിൽ ഫലം ലഭ്യമാകും. ഇതിനു പുറമെ ഡിജിലോക്കർ ആപ്പിലും വെബ്സൈറ്റിലും ഫലം അറിയാം.

✪✪✪

കണ്ണൂർ ആറളം ഫാമിലെ കാട്ടാനകളെ തുരത്തുന്നതിന് അടുത്തഘട്ടം ഇന്ന് ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

............വോയ്സ്...........

✪✪✪

IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, 98 റൺസിന് പരാജയപ്പെടുത്തി. ലഖ്നൗവിൽ 236 റൺസ് വിജയലക്ഷ്യം പിന്തുടർന്ന സൂപ്പർ ജയന്റ്സ് 16.1 ഓവറിൽ 137 റൺസിന് പുറത്തായി.

ധർമ്മശാലയിൽ നടന്ന ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് 28 റൺസിന് പഞ്ചാബ് കിംഗ്സിനെ തോൽപ്പിച്ചു.

ഇന്ന് വൈകീട്ട് 7.30 ന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ മുംബൈ ഇന്ത്യൻസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

✪✪✪

ഇന്ത്യ - ബംഗ്ലാദേശ് വനിതാ ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്.

വൈകിട്ട് 3.30 ന് ബംഗ്ലാദേശിലെ സിൽഹെട് സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ചു മത്സര പരമ്പരയിൽ

ആദ്യ മൂന്ന് മത്സരങ്ങളും ജയിച്ച ഇന്ത്യ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

✪✪✪

ഒമ്പതാമത് ICC വനിതാ ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിന്റെ മത്സര സമയ ക്രമം അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ പ്രഖ്യാപിച്ചു.

ഒക്ടോബർ 3 മുതൽ 20 വരെ ബംഗ്ലാദേശിലാണ് മൽസരങ്ങൾ. ധാക്കയിലെ ഷേർ ബംഗ്ല സ്റ്റേഡിയത്തിലും സിൽഹട്ട് സ്റ്റേഡിയത്തിലുമായി 23 മൽസരങ്ങൾ നടക്കും. ഒക്ടോബർ നാലിന് ന്യൂസിലന്റുമായാണ് ഇന്ത്യയുടെ ആദ്യ മൽസരം.

✪✪✪

കണ്ണൂർ ജില്ല സീനിയർ ഡിവിഷൻ ലീഗിൽ ഇന്നലെ ഏകപക്ഷീയമായ ഒരു ഗോളിന് കണ്ണൂർ സ്പിരിറ്റഡ് യൂത്ത് ക്ലബ്, കണ്ണൂർ ലക്കി ബോയ്സിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് കണ്ണൂർ ബ്രദേഴ്സ് ക്ലബ്ബ് വിജയിച്ചു. കൂത്തുപറമ്പ് ബ്രദേഴ്സ് സ്പോർട്സ് ക്ലബ്ബിനെയാണ് അവർ തോൽപിച്ചത്.

ഇന്ന് 3 മണിക്ക് കണ്ണൂർ ലക്കി സ്റ്റാർ ക്ലബ്, കണ്ണൂർ യുണൈറ്റഡ് FC- യുമായും 5 മണിക്ക് വളപട്ടണം ടൗൺ ഫുട്ബോൾ കോച്ചിംഗ് സെന്റർ, കണ്ണൂർ ജില്ലാ പോലീസുമായും ഏറ്റുമുട്ടും.

✪✪✪

ഗാനരചയിതാവ് G.K പള്ളത്തിന്റെ സംസ്കാരം വൈകിട്ട് തൃശൂർ പാറമേക്കാവ് ശാന്തിഘട്ടിൽ നടത്തും. തൃശൂരിൽ ഇന്നലെയായിരുന്നു 82കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

പി ജയചന്ദ്രൻ പാടിയ 'കാറ്റ് വന്നു, നിന്റെ കാമുകൻ വന്നു' എന്ന ഹിറ്റ് ഗാനമെഴുതി സിനിമയിൽ അരങ്ങേറ്റം കുറിച്ച പി.ഗോവിന്ദൻകുട്ടി എന്ന G.K പള്ളത്ത് പത്ത് സിനിമാഗാനങ്ങളും അറുപതോളം നാടകഗാനങ്ങളും രചിച്ചിട്ടുണ്ട്.

1958ൽ തൃശൂരിൽ നടന്ന കമ്യൂണിസ്റ്റ് പാർട്ടി പ്ലീനത്തിൽ K.S ജോർജും സുലോചനയും ആലപിച്ച 'രക്തത്തിരകൾ നീന്തിവരും' എന്ന ഗാനമാണ് ആദ്യമായി അദ്ദേഹം എഴുതിയത്. തിരഞ്ഞെടുപ്പ് പ്രചാരണ ഗാനങ്ങളും രചിച്ചു. ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് തിരഞ്ഞെടുപ്പ് നേരിടുമ്പോൾ അവർക്കായും ഗാനങ്ങളെഴുതിയിരുന്നു.

✪✪✪

കൊല്ലം കല്ലടയാറ്റിൽ കുളിക്കാനിറങ്ങിയ ബന്ധുക്കളായ രണ്ട് വിദ്യാർത്ഥികൾ മുങ്ങി മരിച്ചു. പത്തനാപുരം മഠത്തിൽ വീട്ടിൽ സുജിൻ, പന്തളം കുളനട കൈപ്പുഴ തടത്തിൽ വീട്ടിൽ നിഖിൽ എന്നിവരാണ് മരിച്ചത്.

✪✪✪

കുറ്റിപ്പുറത്ത് ഭാരതപ്പുഴയോരത്ത് പുൽക്കാടുകൾക്ക് തീപിടിച്ച സ്ഥലത്ത് പുരുഷന്റെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി. മരിച്ചത് തവനൂർ സ്വദേശിയാണെന്ന്

സംശയിക്കുന്നതായി പോലീസ് പറഞ്ഞു. ഇന്നലെ വൈകീട്ട് കുറ്റിപ്പുറം -തിരൂർ റോഡിലെ മഞ്ചാടിയിലാണ് സംഭവം.

✪✪✪

സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് ഇന്ന് പുനരാരംഭിക്കും. സംയുക്ത സമരസമിതിയുടെ പ്രതിഷേധത്തെത്തുടർന്ന് വരുത്തിയ ഭേദഗതികളോടെയാണ് ഇന്ന് ടെസ്റ്റ് നടത്തുക. ദിവസം 40 പേർക്ക് ടെസ്റ്റിൽ പങ്കെടുക്കാം. പ്രതിഷേധത്തെത്തുടർന്ന് വ്യാഴാഴ്ച മുതൽ ടെസ്റ്റ് മുടങ്ങിയിരുന്നു.

✪✪✪

മെയ് മാസത്തെ റേഷൻ വിതരണം ഇന്ന് ആരംഭിക്കും. ഏപ്രിൽ മാസത്തെ റേഷൻ വിതരണം വെള്ളിയാഴ്ചയാണ് അവസാനിച്ചത്. ചൂടു കൂടിയതിനാൽ റേഷൻ കടകളുടെ പ്രവർത്തനസമയം പുനക്രമീകരിച്ചിട്ടുണ്ട്. രാവിലെ എട്ടു മുതൽ 11 വരെയും വൈകുന്നേരം നാലു മുതൽ എട്ടു വരെയുമാണ് പ്രവർത്തന സമയം.

✪✪✪

സമൂഹത്തിന്റെ നിലനിൽപ്പിന് സാമുദായിക ഐക്യം അനിവാര്യമാണെന്ന് SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. SNDP യോഗം മലനാട് യൂണിയൻ സുവർണ ജൂബിലി ആഘോഷ സമാപനവും ജൂബിലി സ്മാരക മന്ദിരവും S.N ഷോപ്പിങ് കോംപ്ലക്സും ഇടുക്കിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪